<u>പതിനാലാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3595 — 14.03.2017 ൽ മറുപടിയ്ക്ക്

## തടവുകാരുടെ ശിക്ഷാകാലയളവിൽ ഇളവ്

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളിലുള്ള തടവുകാരുടെ ശിക്ഷ ഇളവ് ചെയ്ത് അവരെ വിട്ടുവാനുള്ള ശിപാർശ ഗവർണർക്ക് സമർപ്പിച്ചിരുന്നോ ; | (എ), (ബി), (സി), & (ഡി) | സംസ്ഥാന രൂപീകരണത്തിന്റെ വാർഷികത്തോടനുബന്ധിച്ച് 2011 ലും 2012 ലും 2809 പേർക്ക് ശിക്ഷായിളവ് അനുവദിച്ചതുപോലെ വജ്രകേരള ആഘോഷങ്ങളുടെ ഭാഗമായി നിശ്ചിത മാനദണ്ഡ പ്രകാരം അർഹരായ 1850 തടവുകാർക്ക് പ്രത്യേക ശിക്ഷാ ഇളവ് നൽകുന്നതിന് ബഹു. ഗവർണറോട് ശുപാർശ ചെയ്യാൻ 28.12.2016-ൽ കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നു. ഈ വിഷയത്തിൽ ബഹു. ഗവർണറുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ പരിശോധന നടത്തി അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്കവിഭാഗക്ഷേമ-നിയമ-സാംസ്കാരികകാര്യ-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി ശ്രീ. എ.കെ. ബാലൻ കൺവീനറായും, റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. ഇ ചന്ദ്രശേഖരൻ, തുറമുഖ-മ്യൂസിയം-ആർക്കിയോളജി-ആർക്കൈവ്സ് വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി , ഗതാഗത വകുപ്പ് മന്ത്രി ശ്രീ. എ.കെ. ശശീന്ദ്രൻ, ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മാത്യു ടി തോമസ് എന്നിവർ അംഗങ്ങളായും ഉള്ള മന്ത്രിസഭാ ഉപസമിതിയെ 8.3.2017 ൽ കൂടിയ മന്ത്രിസഭാ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഈ വിഷയം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |
| (ബി) | എത്ര തടവുകാരെയാണ് ഇപ്രകാരം ശിക്ഷാകാലയളവിൽ ഇളവ് നൽകി മോചിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ; | | |
| (സി) | ബലാൽസംഗം, മയക്കുമരുന്ന് എന്നീ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവർക്കും ശിക്ഷായിളവിന് ശിപാർശ ചെയ്തു എന്ന വാർത്ത ശരിയാണോ ; | | |
| (ഡി) | ശിക്ഷ ഇളവു ചെയ്യണമെന്ന ശിപാർശ ഗവർണർ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത ഫയൽ എന്ത് കാരണത്താലാണ് അദ്ദേഹം മടക്കിയയച്ചത് ? | | |

സെക്ഷൻ ഓഫീസർ